REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-10-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഒരു ദിവസത്തെ സന്ദർശനത്തിന് ആന്ധ്രയിലെത്തി-ഉച്ചകഴിഞ്ഞ് കർണൂലിൽ 13,430 കോടിയിൽപ്പരം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും.
- കൈത്തറി, കയർ, വ്യവസായ മേഖലയ്ക്ക് ഊന്നൽ നൽകുന്ന പ്രവർത്തനമാണ് സംസ്ഥാനത്ത് നടത്തി വരുന്നതെന്ന് മന്ത്രി P.രാജീവ്.
- സംസ്ഥാനത്ത് ഇന്ന് മുതൽ മഴ ശക്തിപ്രാപിക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്
- 67-ാമത് സംസ്ഥാന സ്കൂൾ കായിക മേളയോട് അനുബന്ധിച്ച് സ്വർണ്ണക്കപ്പ് വിളംബര ഘോഷയാത്ര രാവിലെ കാഞ്ഞങ്ങാട്ട് നിന്ന് ആരംഭിച്ചു.
- ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഓസ്ട്രേലിയ, ബംഗ്ലാദേശിനെ നേരിടും.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി ഒരു ദിവസത്തെ സന്ദർശനത്തിന് ആന്ധ്രയിലെത്തി. ഉച്ചകഴിഞ്ഞ് കർണൂലിൽ 13,430 കോടിയിൽപ്പരം രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടും. പൂർത്തിയായ പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി, ഏതാനും പുതിയ പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും.**

കർണൂലിൽ പൊതുസമ്മേളനത്തെയും മോദി അഭിസംബോധന ചെയ്യും. നന്ദ്യാൽ ജില്ലയിലെ ശ്രീശൈലത്തെ ഭ്രമരാംബ മല്ലികാർജുന സ്വാമി ദേവസ്ഥാനത്ത് പ്രധാനമന്ത്രി ദർശനം നടത്തും. ശ്രീശൈലത്തെ ശ്രീ ശിവാജി സ്പൂർത്തി കേന്ദ്രവും നരേന്ദ്രമോദി സന്ദർശിക്കും.

✪✪✪

പലായനം ചെയ്യുന്ന കുറ്റവാളികൾ ഉണ്ടാക്കുന്ന വെല്ലുവിളികളെ സംബന്ധിച്ച CBI യുടെ രണ്ട് ദിവസത്തെ കോൺഫറൻസ് ആഭ്യന്തര മന്ത്രി അമിത്ഷാ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. കേന്ദ്രത്തിലെയും, സംസ്ഥാന ങ്ങളിലെയും മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുക്കുന്നു . വിദേശങ്ങളിലേക്ക് കടക്കുന്ന കുറ്റവാളികളെ തിരികെ കൊണ്ടുവരാനാവശ്യമായ ഔപചാരികവും, അല്ലാത്തതുമായ നടപടികൾ യോഗത്തിൽ ചർച്ചയാകും.

✪✪✪

ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യ മൂന്ന് ദിവസത്തെ സന്ദർശനത്തിന് ന്യൂഡൽഹിയിലെത്തി. സ്ഥാനമേറ്റ ശേഷം അമരസൂര്യയുടെ ആദ്യ ഇന്ത്യൻ സന്ദർശനമാണിത്. സന്ദർശന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും വിദേശകാര്യ മന്ത്രി ഡോ. S ജയ്ശങ്കറുമായും അവർ കൂടിക്കാഴ്ച്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

ഡൽഹി സർവകലാശാല ഹിന്ദു കോളജിലെ പൂർവ്വ വിദ്യാർത്ഥികൂടിയായ അവർ കോളജിലെ ചടങ്ങിൽ പങ്കെടുക്കും. ഡൽഹി IIT സന്ദർശിക്കുന്ന അമരസൂര്യ, നിതി ആയോഗുമായും ചർച്ച നടത്തും.

✪✪✪

ഇന്ന് ലോക ഭക്ഷ്യ ദിനം. എല്ലാവർക്കും ഭക്ഷണം എന്ന ആപ്തവാക്യവുമായി ഐക്യരാഷ്ട്ര സംഘടനയുടെ ഭാഗമായ ഫുഡ് ആന്റ് ആഗ്രികൾച്ചറൽ ഓർഗനൈസേഷന്റെ നേതൃത്വത്തിലാണ് എല്ലാവർഷവും ഒക്ടോബർ 16-ന് ലോക ഭക്ഷ്യദിനം ആചരിക്കുന്നത്. പട്ടിണിക്കും, ദാരിദ്ര്യത്തിനുമെതിരായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. മികച്ച ഭക്ഷണത്തിനും മികച്ച ഭാവിക്കും വേണ്ടി കൈകോർക്കുക- എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

അന്തരിച്ച മുൻ കെനിയൻ പ്രധാനമന്ത്രി റെയ്‌ല ഒഡിംഗയ്ക്ക് കൊച്ചി വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര അർലേക്കർ ആദരാഞ്ജലി അർപ്പിച്ചു. മൃതദേഹം ഇന്നലെ രാത്രി പ്രത്യേക വിമാനത്തിൽ മുംബൈയിലേക്ക് കൊണ്ടു പോയി.

വിമാനത്താവളത്തിൽ ജെറ്റ് ടെർമിനലിനു സമീപത്ത് പ്രത്യേകം തയാറാക്കിയ വേദിയിൽ റെയ്‌ല ഒഡിംഗയുടെ മൃതദേഹം പൊതുദർശനത്തിന് വെച്ചു. മുഖ്യമന്ത്രിക്കു വേണ്ടിയും മന്ത്രി P.രാജീവ് തുടങ്ങിയവർക്കു വേണ്ടിയും കലക്ടർ G.പ്രിയങ്ക മൃതദേഹത്തിൽ റീത്ത് സമർപ്പിച്ചു.

ഇന്ത്യയിലെ കെനിയൻ ഹൈക്കമ്മീഷണർ അമ്പ് പീറ്റർ മുനീറി തുടങ്ങിയവരും ആദരാഞ്ജലികൾ അർപ്പിച്ചു.

✪✪✪

വേഗത്തിൽ നടപടികൾ കൈക്കൊള്ളാൻ കഴിയുമെന്ന ചിന്ത എപ്പോഴും മനസ്സിലുണ്ടാവണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആഹ്വാനം ചെയ്തു. രാജ്യരക്ഷാ പെൻഷൻകാരുടെ സ്പർശ് പരിപാടിയിലും ഇതാണ് തെളിയിക്കപ്പെടുന്നതെന്ന് അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ സംഘടിപ്പിച്ച പെൻഷൻകാരുടെ സ്പർശ് ഔട്ട് റീച്ച് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ.

✪✪✪

കൈത്തറി, കയർ, വ്യവസായ മേഖലയ്ക്ക് ഊന്നൽ നൽകുന്ന പ്രവർത്തനമാണ് സംസ്ഥാനത്ത് നടത്തി വരുന്നതെന് മന്ത്രി P. രാജീവ് പറഞ്ഞു. കണ്ണൂരിൽ സംസ്ഥാനതല കൈത്തറി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ലാഭകരമായി പ്രവർത്തിക്കുന്ന ചില കൈത്തറി സംഘങ്ങളെ തിരഞ്ഞെടുത്ത് പ്രീമിയർ ഉൽപന്നങ്ങൾ നിർമ്മിക്കാനാകണം. അതിന്റെ സാധ്യത പരിശോധിച്ചുവരികയാണെന്നും മന്ത്രി പറഞ്ഞു. അവധി ദിവസങ്ങളിൽ തുറന്നു പ്രവർത്തിക്കുന്ന രീതിയിലേക്ക് കൈത്തറി ഉൽപന്ന വിൽപന സ്ഥാപനങ്ങൾ മാറണമെന്നും മന്ത്രി പറഞ്ഞു.

കയറ്റുമതിക്കാർ, കൈത്തറി സഹകരണ സംഘം പ്രതിനിധികൾ, കൈത്തറിയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ തൊഴിലാളികൾ തുടങ്ങിയവരാണ് കോൺക്ലേവിൽ പങ്കെടുക്കുന്നത്.

✪✪✪

വിഷൻ 2031 ന്റെ ഭാഗമായി, സർവെ ഭൂരേഖ വകുപ്പിന്റെ ഏകദിന സെമിനാർ നാളെ കളമശ്ശേരി കേരള സ്റ്റാർട്ട് അപ്പ് മിഷൻ ഡിജിറ്റൽ ഹബിൽ മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്യും. വിവിധ വിഷയങ്ങളിൽ പാനൽചർച്ചകളും ചടങ്ങിൽ സംഘടിപ്പിക്കും.

✪✪✪

വള്ളത്തോൾ ലിറ്ററേച്ചർ ഫെസ്റ്റിന് തിരൂർ മംഗലത്ത് തുടക്കമായി. കവിയുടെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് മംഗലം പഞ്ചായത്ത് മൂന്ന് വർഷം നീളുന്ന ആഘോഷപരിപാടികളാണ് സംഘടിപ്പിക്കുന്നത്.

✪✪✪

പാലക്കാട് നെന്മാറ സജിത വധക്കേസ് ശിക്ഷാ വിധി മറ്റന്നാളത്തേക്ക് മാറ്റി. ഇന്ന് ശിക്ഷാ വിധി സംബന്ധിച്ച വാദം നടന്നു. പ്രതി ചെന്താമര കുറ്റക്കാരനെന്ന് ഇന്നലെ പാലക്കാട് അഡിഷണൽ ജില്ലാ കോടതി കണ്ടെത്തിയിരുന്നു.

നെന്മാറ തിരുത്തംപാടത്ത് സജിതയെ കൊലപ്പെടുത്തി ജാമ്യത്തിലിറങ്ങിയ ചെന്താമര, ഈ വർഷം ജനുവരി 27 നു സജിതയുടെ ഭർത്താവ് സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെയും വെട്ടിക്കൊലപ്പെടുത്തിയിരുന്നു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ തലശ്ശേരി രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് വൈകിട്ട് തിരി തെളിയും. മന്ത്രി P.രാജീവ് മേള ഉദ്ഘാടനം ചെയ്യും.

കഴിഞ്ഞ ഡിസംബറിൽ തിരുവനന്തപുരത്ത് നടന്ന 29-ാമത് ചലച്ചിത്ര മേളയിൽ പ്രദർശിപ്പിച്ച 177 സിനിമകളിൽനിന്ന് തെരഞ്ഞെടുത്ത 55 ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക.

അന്താരാഷ്ട്ര മൽസരവിഭാഗത്തിൽ നിന്ന് 14 ചിത്രങ്ങളും, ലോകസിനിമാ വിഭാഗത്തിൽ 12 ചിത്രങ്ങളും, ഫെസ്റ്റിവൽ ഫേവറിറ്റ്സ് വിഭാഗത്തിൽ 5 ചിത്രങ്ങളും പ്രദർശിപ്പിക്കും. 12 മലയാള ചിത്രങ്ങളും, 7

ഇന്ത്യൻ സിനിമകളും മേളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് തിയേറ്ററുകളിലായി മൂന്ന് ദിവസം അഞ്ച് പ്രദർശനങ്ങൾ ഉണ്ടാകും.

✪✪✪

പാലക്കാട് നഗരത്തിലെ വ്യാപാര കേന്ദ്രമായ വലിയങ്ങാടിയുടെ വികസനത്തിന് 140 കോടി രൂപയുടെ കേന്ദ്ര പദ്ധതിക്ക് അംഗീകാരം. കേന്ദ്ര ഗവൺമെന്റിന്റെ സ്പെഷൽ അസിസ്റ്റന്റ് ടു സ്റ്റേറ്റ് ഫോർ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിക്കുന്നത്.

പാലക്കാട്ടു നിന്ന് ഫൈസൽ അലിമുത്ത് .

......... (വോയ്സ്)...........

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ മഴ ശക്തിപ്രാപിക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിലും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത നല്കിയിട്ടുണ്ട്. മഴയ്ക്കൊപ്പം ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യയുണ്ടെന്നും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

അപകടകരമായ രീതിയിൽ ജലനിരപ്പുയർന്നതിനെ തുടർന്ന് സംസ്ഥാന ജലസേചന വകുപ്പ് പത്തനംതിട്ട അച്ചൻകോവിൽ നദിയിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നദിയിൽ ഇറങ്ങാനോ, മുറിച്ച് കടക്കാനോ പാടില്ലെന്നും, തീരത്തിനടുത്ത് താമസിക്കുന്നവർ ജാഗ്രതപാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഓസ്ട്രേലിയ, ബംഗ്ലാദേശിനെ നേരിടും. വിശാഖപട്ടണത്ത് ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

ഇന്നലെ ഇംഗ്ലണ്ട്- പാകിസ്ഥാൻ മത്സരം മഴയെത്തുടർന്ന് ഉപേക്ഷിച്ചു. ഇരുടീമുകളും ഓരോ പോയിന്റ് പങ്കുവെച്ചു.

✪✪✪

2030 ലെ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയ നഗരമായി ഗുജറാത്തിലെ അഹമ്മദാബാദിനെ ശുപാർശ ചെയ്തു. കോമൺവെൽത്ത് സ്പോർട്സിന്റെ എക്സിക്യൂട്ടീവ് ബോർഡ് യോഗത്തിലാണ് പ്രഖ്യാപനം.

കേന്ദ്ര ഗവൺമെന്റും, ഗുജറാത്ത് ഗവൺമെന്റും, കോമൺവെൽത്ത് ഗെയിംസ് അസോസിയേഷനും ചേർന്നാണ് നിർദ്ദേശം സമർപ്പിച്ചത്. അടുത്ത മാസം കോമൺവെൽത്ത് സ്പോർട്സിന്റെ ജനറൽ അസംബ്ലിക്ക് മുന്നിൽ ശുപാർശ അവതരിപ്പിക്കും.

✪✪✪

സംസ്ഥാനത്ത് ആദ്യമായി എല്ലാ വാർഡിലും കളിക്കളങ്ങളുമായി കണ്ണൂർ കേളകം പഞ്ചായത്ത്. സമ്പൂർണ കളിക്കളം പഞ്ചായത്ത് പ്രഖ്യാപനം ഈ മാസം 25-ന് നടത്തും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.....(വോയ്സ്)........

✪✪✪

67-ാമത് സംസ്ഥാന സ്കൂൾ കായിക മേളയോട് അനുബന്ധിച്ച് സ്വർണ്ണക്കപ്പ് വിളംബര ഘോഷയാത്ര രാവിലെ കാഞ്ഞങ്ങാട്ട് നിന്ന് ആരംഭിച്ചു. നീലേശ്വരം EMS സ്റ്റേഡിയത്തിൽ M. രാജഗോപാൽ MLA യാത്ര ഉദ്ഘാടനം ചെയ്തു.

ജില്ലകളിലെ പര്യടനത്തിനുശേഷം 20 ന് ഘോഷയാത്ര തിരുവനന്തപുരത്ത് സമാപിക്കും. ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കുന്ന കായിക മേളയ്ക്ക് ഈ വർഷം ആദ്യമായാണ് സ്വർണക്കപ്പ് ഏർപ്പെടുത്തിയത്.

✪✪✪

കണ്ണൂർ റവന്യു ജില്ലാ സ്ക്കൂൾ കായികമേള തലശ്ശേരിയിൽ ആരംഭിച്ചു നിയമസഭാ സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്തു. 15 ഉപജില്ലകളിൽ നിന്നായി രണ്ടായിരത്തോളം കായിക പ്രതിഭകൾ മേളയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

പാലക്കാട് കണ്ണാടി ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥി ജീവനൊടുക്കിയ സംഭവത്തിന് പിന്നിൽ സ്കൂളിൽ നിന്നുണ്ടായ മാനസിക പീഡനമാണെന്ന് വിദ്യാർത്ഥിയുടെ രക്ഷിതാക്കൾ ആരോപിച്ചു. ഒൻപതാം ക്ലാസ് വിദ്യാർത്ഥി അർജുനെയാണ് കഴിഞ്ഞ ദിവസം പല്ലൻ ചാത്തന്നൂരിലെ വീട്ടിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. സ്കൂൾ അധികൃതർ ആരോപണം നിഷേധിച്ചു.

✪✪✪

ഗുണമേന്മയിലും രുചിയിലും മുൻപന്തിയിൽ നിൽക്കുന്ന ഇടുക്കി കീഴാന്തൂരിലെ കാപ്പിക്ക് പ്രിയമേറുന്നു. കീഴാന്തൂരിൽ കാപ്പിപ്പൊടി വിദേശ വിപണിയിൽ വരെ പ്രത്യേക ഇടം നേടിയിരിക്കുകയാണ്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

.......(വോയ്സ്).........

✪✪✪

തുലാമാസ പൂജകൾക്കായി ശബരിമലയിൽ നാളെ നട തുറക്കും. തുലാമാസം ഒന്നായ ശനിയാഴ്ച്ച രാവിലെ സന്നിധാനത്ത് ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിന് നറുക്കെടുപ്പ് നടക്കും.

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സന്ദർശനത്തോട നുബന്ധിച്ച് ഈ മാസം 22- ന് ദർശനത്തിന് നിയന്ത്രണമുണ്ടാകും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത ആനന്ദ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*